**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 938** **10-08-2023 - ൽ മറുപടിയ്ക്ക്**

**അംബേദ്ക്കർ ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | തിരൂർ നിയോജക മണ്ഡലത്തിൽ അംബേദ്ക്കർ ഗ്രാമം പദ്ധതി പ്രകാരം 2016 മുതൽ ഇതുവരെ ഏതൊക്കെ കോളനികളാണ് ഉൾപ്പെടുത്തിയത് എന്ന് അറിയിക്കുമോ; അതിന് എത്ര തുക വീതമാണ് അനുവദിച്ചത് എന്ന് അറിയിക്കുമോ; | (എ) | 2016-17 വർഷത്തെ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിലേക്ക് തിരൂർ നിയോജക മണ്ഡലത്തിലെ തിരുനാവായ ഗ്രാമപഞ്ചായത്തിലെ അഴകത്തുകുളം പട്ടികജാതി കോളനി, വെട്ടം ഗ്രാമപഞ്ചായത്തിലെ പള്ളിപറമ്പ് പട്ടികജാതി കോളനി എന്നിവയെ തെരഞ്ഞെടുക്കുകയും ടി കോളനികളിലെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുമുണ്ട്. അഴകത്തുകുളം പട്ടികജാതി കോളനിയുടെ 75,34,583/- രൂപയുടെ ഫൈനൽ ബില്ലും, പള്ളിപറമ്പ് പട്ടികജാതി കോളനിയുടെ 70,41,612/- രൂപയുടെ ഫൈനൽ ബില്ലും നിർവഹണ ഏജൻസി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത കോളനികളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി യഥാക്രമം 51,10,167/- രൂപയും, 50,00,000/- രൂപയും നാളിതുവരെ അനുവദിച്ചിട്ടുണ്ട്.<br><br>2021-22 വർഷത്തെ അംബേദ്കർ ഗ്രാമവികസന പദ്ധതിയിലേക്ക് തെരഞ്ഞെടുത്ത തിരൂർ നിയോജക മണ്ഡലത്തിലെ തിരുനാവായ ഗ്രാമപഞ്ചായത്തിലെ വാവൂർകുന്ന് പട്ടികജാതി കോളനിയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ എസ്റ്റിമേറ്റിന് 06.05.2023 ന് അംഗീകാരം നൽകിയിട്ടുണ്ട്. വെട്ടം ഗ്രാമപഞ്ചായത്തിലെ തിരുത്തിപറമ്പ് പട്ടികജാതി കോളനിയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ടി രണ്ട് കോളനികളിലെയും നിർമ്മാണ പ്രവർത്തനങ്ങളുടെ ഏജൻസി മലപ്പുറം ജില്ലാ നിർമ്മിതി കേന്ദ്രമാണ്. |
| (ബി) | അംബേദ്ക്കർ ഗ്രാമം പദ്ധതികളിൽ ഉൾപ്പെടുത്തി തിരൂർ നിയോജകമണ്ഡലത്തിലെ കോളനികളുടെ പ്രവൃത്തികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്നും, പ്രവൃത്തികൾ എപ്പോൾ പൂർത്തിയാക്കാനാകുമെന്നും വ്യക്തമാക്കാമോ? | (ബി) | മറുപടി (എ) പിരിവിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ